# നിങ്ങളുടെ തരിശുനിലം ഉഴുവിൻ

## ഹോശേയ 10:12

"നീതിയിൽ വിതെപ്പിൻ; ദയക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ."

മനുഷ്യജാതിക്ക് മുഴുവനായിട്ടുള്ള ഒരു മുന്നറിയിപ്പ് ഇവിടെ കാണാം. അവനെ അന്വേഷിക്കാനുള്ള കാലം ആണിത്. നാം ഓരോരുത്തരും ഒന്നു തിരിഞ്ഞു നോക്കുവാനുള്ള ഒരു ആഹ്വാനം. എന്തൊക്കെ ചെയ്യുവാനാണ് ഇവിടെ ആഹ്വാനം തരുന്നത്?

(1) നീതിയിൽ വിതയ്ക്കുക (2) ദയക്കൊത്തവണ്ണം കൊയ്യുക (3) നമ്മുടെ തരിശുനിലം നന്നാക്കുക. ഇങ്ങനെ ചെയ്താൽ എന്താണ് നമുക്ക് ലഭിക്കുന്നത്? യഹോവ വന്ന് നമ്മുടെ മേൽ നീതി വർഷിക്കും.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നിലം ഉഴുകയും വിതക്കയും കൊയ്യുകയും ചെയ്യുവാനുള്ള സമയം ദൈവം തന്നിട്ടുണ്ട്. എന്നാൽ ഇതിനെ നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് വളരെ പ്രധാനം. നമ്മൾ നമ്മുടെ ജീവിതമാകുന്ന വയലിൽ എന്തു വിതെക്കുന്നുവോ അതിന്റെ ഫലമാണ് നാം കൊയ്യുന്നത്. തക്കസമയത്ത് വിതെക്കുന്ന വിത്ത് നൂറുമേനി വിളവ് തരും. നമ്മുടെ വയലിൽ നല്ല വിത്ത് വിതെച്ചാൽ നല്ല ഫലം നമുക്ക് ലഭിക്കും. എന്നാൽ നമ്മിൽ പലരും നമ്മുടെ നിലം തരിശിട്ടിരിക്കുകയാണ്. തരിശായി കിടന്നാൽ എന്താണ് സംഭവിക്കുന്നത്? നിലം ഉപയോഗശൂന്യമായി, കളയും, മുള്ളും നിറയും. ദൈവം മനുഷ്യജാതിക്ക്, ചില കാര്യങ്ങൾ ചെയ്യരുത് എന്നും, ചില കാര്യങ്ങൾ ചെയ്യുക എന്നും കല്പന കൊടുത്തിരിക്കുന്നു. ചെയ്യരുത് എന്ന് പറഞ്ഞ കാര്യം ചെയ്യുന്നതും, ചെയ്യാൻ പറഞ്ഞ കാര്യം ചെയ്യാതിരിക്കുന്നതും ഒരുപോലെ പാപമാണ്.

ഇവിടെ ഒന്നാമതായി നമ്മളോട് ആവശ്യപ്പെടുന്നത് നീതിയുടെ വിത്ത് വിതയ്ക്കാനാണ്. അതിനായി ഒരു ഒരുക്കത്തിന്റെ ആവശ്യമുണ്ട്. തരിശായി കിടക്കുന്ന നമ്മുടെ ഹൃദയങ്ങളെ ഒന്ന് ഒരുക്കി എടുക്കണം. ഒരു കൃഷിക്കാരൻ തന്റെ കൃഷിക്കായി വയലിനെ എങ്ങനെ ഒരുക്കിയെടുക്കുന്നുവോ അതുപോലെ വളരെ സൂഷ്മതയോടും വിശ്വസ്തതയോടും കൂടി വേണം അത് ചെയ്യാൻ. ആദ്യം എല്ലാ കളകളെയും വേരോട് പിഴുതുമാറ്റണം. എന്താണ് കള? നമ്മുടെ ഹൃദയത്തിൽ സാത്താൻ കൊണ്ടുവന്നിടുന്ന തിന്മകൾ, ദുർവിചാരങ്ങൾ, ദുഷ്പ്രവർത്തികൾ തുടങ്ങിയ ദൈവഹിതമല്ലാത്ത

എല്ലാത്തിനെയും വേരോട് പിഴുതു മാറ്റണം. പിന്നീട് കട്ടകൾ ഉടച്ചു മാറ്റണം. കല്ലായുള്ള ഹൃദയത്തെ ദൈവസന്നിധിയിൽ ഒന്നു താഴ്ത്തി അനുതാപത്തോടെ അവന്റെ സന്നിധിയിൽ ഒന്നു ചെല്ലുമോ, എങ്കിൽ നമ്മുടെ നാഥൻ നമ്മിൽ രൂപാന്തരം വരുത്തി മാംസളമായ ഒരു ഹൃദയത്തെ നമുക്കു തരും. ആ രൂപാന്തരം ഉളവായെങ്കിൽ മാത്രമേ നീതിയിൽ വിതയ്ക്കുവാൻ സാധിക്കുകയുള്ളു. നമ്മുടെ ചിന്തകളും, വിചാരങ്ങളും, പ്രവർത്തികളും എല്ലാം നീതിപൂർവ്വമാകുമ്പോൾ അവിടെ ഒരു പ്രതിഫലം തീർച്ചയായിട്ടും ഉണ്ട്. അത് നമ്മുടെ കർത്താവിന്റെ ദയയാണ്. പ്രതിഫലം കർത്താവിന്റെ ദാനമാണ്. ഒരു യോഗ്യതയും നമുക്കു പറയുവാനില്ല. നമ്മൾ നിന്നതല്ല, അവൻ നമ്മെ നിർത്തിയതാണ്. അതുകൊണ്ടാണ് വിളവ് കർത്താവിന്റെ ദയക്കൊത്തവണ്ണം ആകുന്നത്. സദൃശവാക്യം 11:18 ൽ പറയുന്നു, ദുഷ്ടൻ വൃഥാ ലാഭം ഉണ്ടാക്കുന്നു. നീതി വിതക്കുന്നവനോ വാസ്തവമായും പ്രതിഫലം കിട്ടും. നാം ഇന്ന് ഈ ലോകത്തിൽ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എല്ലാം ഈ വാസ്തവമായ പ്രതിഫലത്തിനു വേണ്ടിയാകണം.

**പരാമർശം:**

1 കൊരിന്ത്യർ 3:7,8

ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനെക്കുന്നവനും ഏതുമില്ല. നടുന്നവനും നനെക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും.

സഭാപ്രസംഗി 11:6

രാവിലെ നിന്റെ വിത്തു വിതെക്ക; വൈകുന്നേരത്തു നിന്റെ കൈ ഇളെച്ചിരിക്കരുതു; ഇതോ, അതോ, ഏതു സഫലമാകും എന്നും രണ്ടും ഒരുപോലെ നന്നായിരിക്കുമോ എന്നും നീ അറിയുന്നില്ലല്ലോ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 011**